**Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) "പണ്ടത്തെമേശാന്തി നിന്നുതിരിയുന്നു ചണ്ടിത്തമേറുമീ ഫാക്ടറിക്കുള്ളിൽ ഞാൻ" എന്തായിരുന്നു ആ പരിണാമചരിത്രം ? 20

(b) ഭൂതകാലത്തിൽ നിന്നു വഴിതെറ്റിവന്നതെന്നു തോന്നിപ്പിക്കുന്ന വൃദ്ധനെ തീവണ്ടിയിലെ പാട്ടിന്റെ തുടക്കത്തിൽ കവി അവതരിപ്പിക്കുന്നതെങ്ങനെ ? 15

(c) "ആയിരം മണിയുടെ നാക്കടക്കിടാ, മൊറ്റ -
വായിലെനാവാർക്കാനും കെട്ടുവാൻ കഴിയുമോ ?"
തച്ചന്റെ ഈ ചിന്തയുടെ പൊരുളെന്ത് ? 15

**Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) "വ്യംഗ്യ വ്യഞ്ജകങ്ങളുടെ പ്രയോഗത്തിൽ നിരന്തരം ശ്രദ്ധേയനായ കവിമിത വാഗ്വിഭവനാണ്. വാചാലനാകുന്ന സന്ദർഭങ്ങളേയില്ല. അർത്ഥപുഷ്കലങ്ങളും ആശയവ്യഞ്ജകങ്ങളുമായ വാക്കുകൾ." കണ്ണശ്ശരാമായണം മുൻനിർത്തിവിവരിക്കുക. 20

(b) "ചാകാത്തനാളല്ല ഞാനും പിറന്നിതു
പൊട്ടന ത്രേനീസുയോധനാ നിർണ്ണയം"
ഭീഷ്മ വാക്യങ്ങളുടെ അർത്ഥതലങ്ങൾ വ്യക്തമാക്കുക. 15

(c) സർവ്വംസഹയായ ഭൂമിയെ സർവ്വംസഹയായ മാതാവിലേക്ക് ഒ.എൻ.വി. കുറുപ്പ് സംക്രമിപ്പികുന്നതെങ്ങനെ ? 15

## SECTION B

Q5. **എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത്.** *10×5=50*

(a) "എല്ലാം അമ്മ നിശ്ചയിച്ചതാണ് നേരത്തേ നിശ്ചയിച്ചതാണ് " ഈ വാക്യങ്ങൾക്ക് വാനപ്രസ്ഥത്തിന്റെ പ്രമേയ വികാസത്തിലുള്ള സ്ഥാനമെന്ത് ? *10*

(b) മിന്നൽ വേഗത്തിൽ ഗോൾകൊയ്യുന്ന ഹിഗ്വിറ്റയുടെ ആക്ഷനുമായി പാതിരിയുടെ മനോവേഗങ്ങളെ കഥാകൃത്ത് സമന്വയിപ്പിക്കുന്നതെങ്ങനെ ? *10*

(c) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ഇന്ദുലേഖയിൽ ചന്തുമേനോൻ ഊട്ടിയുറപ്പിക്കുന്നുണ്ടോ ? വിശദീകരിക്കുക. *10*

(d) ജീവിതം മിഥ്യയാണെന്ന ദാർശനികാശയത്തിന്റെ നാടകീയാവിഷ്കാരമായി 1128-ൽ ക്രൈം 27 മാറുന്നതെങ്ങനെ ? *10*

(e) "ഈ കിളിയ്ക്ക് എന്നും സന്ധ്യയാണുമാഷേ. എന്നാലോ കുടൊട്ടുപറ്റുമില്ല" മാധവൻ നായരുടെ ഈ വാക്കുകളിലൂടെ അപ്പുക്കിളിയെ പരിചയപ്പെടുത്തുക. *10*

**Q6. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾകും ഉത്തരമെഴുതുക.**

(a) മാരാരുടെ യുക്തിബോധവും പാണ്ഡിത്യവും മനഃശാസ്ത്രജ്ഞാനവും മഹാഭാരത കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും സമീപിക്കുമ്പോൾ അഭിവ്യക്തമാകുന്നതെങ്ങനെ ? *20*

(b) "വി.ടി. ഭട്ടതിരിപ്പാടിന്റെ ഓജസ്സാർന്ന ഗദ്യശൈലിയ്ക്കുദാഹരണമാണ് 'കണ്ണീരും കിനാവും' എന്ന കൃതി" – സമർത്ഥിക്കുക. *15*

(c) "ദുരന്തങ്ങളുടെ കൊടുങ്കാറ്റുകൾ വിതയ്ക്കുകയും കൊയ്യുകയും ചെയ്ത കഥാപാത്രമാണ് ചെമ്പൻകുഞ്ഞ്. അയാൾ ഒരു ട്രാജിക് ഹീറോതന്നെ" – സമർത്ഥികുക. *15*

**Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾകും ഉത്തരമെഴുതുക.**

(a) "പലർക്കും രുചിക്കാത്ത പലകാര്യങ്ങളും ഇതിലെഴുതിപ്പോയിട്ടുണ്ട്. ക്ഷമിക്കൂ പരമ്പരാഗത സദാചാരബോധത്തിനപ്പുറം നിന്നുകൊണ്ടേ ഇതെഴുതാനാവൂ എന്നധാരണയാണ് എന്നിൽ ആധിപത്യം ചെലുത്തിയത്." എം.കെ. സാനുവിന്റെ ഈ പ്രസ്താവന നക്ഷത്രങ്ങളുടെ 'സ്നേഹഭാജന' ത്തിലേക്കുള്ള പ്രവേശകമാണ്. ശരിയോ ? *20*

(b) "പത്രമാഹീസിൽ മാധ്യമവൃത്തിവിചാരണചെയ്യപ്പെടുന്നു കോടതയിൽ കോടതിതന്നെ വിചാരണയ്ക്കു വിധേയമാകുന്നു." ഈ വൈരുദ്ധ്യങ്ങളെ സി.ജെ. തോമസ്സ് ആക്ഷേപഹാസ്യ രൂപത്തിൽ എങ്ങനെ ആവിഷ്കരിക്കുന്നു ? *15*

(c) "ഒരു പോയകാലത്തിന്റെ ദേശസംസ്കൃതിയും ആചാരവിശേഷങ്ങളുടെ നിറവുമാണ് " സുകൃതം എന്ന എം.ടി. കഥയെ വ്യത്യസ്തമാക്കുന്നത് – ശരിയോ ? *15*

